23/03/2019

മാന്യരേ,

സംസ്ഥാന സാമൂഹ്യനീതി വകുപ്പിന് കീഴിൽ തൃശ്ശൂർ ജില്ലയിൽ, ഇരിങ്ങാലക്കുട കല്ലേറ്റുംകരയിൽ പ്രവർത്തിക്കുന്ന സ്വയംഭരണ സ്ഥാപനമാണ് എൻ.ഐ.പി.എം.ആർ. റീഹാബിലിറ്റേഷൻ മേഖലയിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ ഫിസിയോ തെറാപ്പി, സ്പീച്ച് തെറാപ്പി, ഓഡിയോ ടെസ്റ്റ്, സൈക്കോതെറാപ്പി, ഒക്യൂപ്പേഷണൽ തെറാപ്പി വിഭാഗവും സെറിബ്രൽ പാൾസി, ഓട്ടിസം ബാധിതരായ കുട്ടികൾക്ക് വേണ്ടിയുള്ള സ്പെഷ്യൽ സ്കൂൾ, ലേർണിംഗ് ഡിസെബിലിറ്റി ക്ലിനിക്, ചൈൽഡ് ഗൈഡൻസ് സെന്റർ എന്നീ സേവനങ്ങളും നൽകിവരുന്നു.

സ്ഥാപനത്തിൽ 02/04/2019ന് അന്താരാഷ്ട്ര ഓട്ടിസം അവബോധ ദിനം വിപുലമായ പരിപാടികളോടെ ആചരിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ഐക്യരാഷ്ട്ര പൊതുസഭയുടെ 2007 ഡിസംബർ 18 ലെ തീരുമാനപ്രകാരമാണ് ഏപ്രിൽ 2 ലോക ഓട്ടിസം അവബോധ ദിനം ആയി ആചരിക്കുന്നത്. ഓട്ടിസത്തെ കുറിച്ചുള്ള അവബോധം സമൂഹത്തിൽ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഓട്ടിസം ദിനം ആചരിക്കുന്നത്. പ്രസ്തുത പരിപാടി ബഹുമാനപ്പെട്ട **ആരോഗ്യ സർവ്വകലാശാല വൈസ് ചാൻസലർ ഡോ. എം കെ സി നായർ** ഉദ്ഘാടനം ചെയ്യുന്നു. അതിനോടനുബന്ധിച്ച് 'അസിസ്റ്റീവ് ഡിവെസസ് സാങ്കേതിക സഹായം എത്രവരെ' എന്ന വിഷയത്തിൽ ഓഡിയോളജിസ്റ്റ് ആന്റ് സ്പീച്ച് ലാംഗ്വേജ് പാത്തോളജിസ്റ്റ് **ശ്രീമതി. ആര്യ മനോഹരൻ** (നിഷ്, തിരുവനന്തപുരം) ന്റെ ക്ലാസും, കുട്ടികളുടെ വിവിധ പരിപാടികളും ഉണ്ടായിരിക്കുന്നതാണ്. വൈകുന്നേരം 5 മണിക്ക് തൃശ്ശൂർ തേക്കിൻകാട് തെക്കേഗോപുരനടയിൽ വച്ച് കുട്ടികളുടെ വിവിധ പരിപാടികളും സംഘടിപ്പിച്ചിരിക്കുന്നു. തൃശ്ശൂർ ജില്ലാ കളക്ടർ **ശ്രീമതി. ടി.വി. അനുപമ ഐ.എ.എസ്** മുഖ്യാതിഥി ആയിരിക്കും. ഈ പരിപാടികൾ വിജയിപ്പിക്കുവാൻ ഏവരുടെയും സാന്നിദ്ധ്യ സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ

**ഡോ. ബി മുഹമ്മദ് അഷീൽ**
എക്സിക്യുട്ടീവ് ഡയറക്ടർ, NIPMR

# കാര്യപരിപാടി

| | | |
|---|---|---|
| സ്വാഗതം | : | **ഡോ. മായ ബോസ് വിനോദ്**<br>ബിഹേവിയറൽ & ഡെവലപ്മെന്റൽ പീഡിയാട്രീഷൻ, NIPMR |
| അദ്ധ്യക്ഷൻ | : | **ഡോ. ബി. മുഹമ്മദ് അഷീൽ**<br>എക്സിക്യുട്ടീവ് ഡയറക്ടർ, NIPMR |
| മുഖ്യപ്രഭാഷണം | : | **ഡോ. എം.കെ.സി. നായർ**<br>വൈസ് ചാൻസലർ, യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസ്, തൃശ്ശൂർ |
| ക്ലാസ്സുകൾ നയിക്കുന്നത് | : | **ശ്രീമതി. ആര്യ മനോഹരൻ**<br>ASLP, നിഷ്, തിരുവനന്തപുരം |
| നന്ദി | : | **ഡോ. വിജയലക്ഷ്മി അമ്മ**<br>സ്പെഷ്യൽ അക്കാദമിക് ഓഫീസർ, NIPMR |

**NB: രക്ഷിതാക്കൾ ഉദ്ഘാടനം, ക്ലാസ്സ് എന്നിവയിൽ പങ്കെടുക്കുമ്പോൾ NIPMR ലെ ജീവനക്കാർ, രാവിലെ 9 .30 മുതൽ 12 .30 വരെ കുട്ടികൾക്ക് പ്ലേതെറാപ്പി എടുക്കുന്നതാണ്.**

**വൈകുന്നേരം 5 മണി**
**തെക്കേ ഗോപുരനട, തേക്കിൻകാട് മൈതാനം**

**തെരുവു നാടകം , വിവിധ പരിപാടികൾ**

മുഖ്യാതിഥി : **ശ്രീമതി. ടി.വി. അനുപമ IAS,**
ജില്ലാ കളക്ടർ, തൃശ്ശൂർ





## ഓട്ടിസം ഒരു രോഗമല്ല, അവസ്ഥയാണ്!

- മറ്റുള്ള കുട്ടികളെ പോലെ തന്നെ ഇവരെയും അംഗീകരിക്കുക.
- ക്ഷീണിതനോ/സമ്മർദ്ധത്തിലോ ആയിരിക്കുമ്പോൾ നിർബന്ധമായും അവർക്ക് ഇടവേളകൾ ഉറപ്പുവരുത്തുക.
- കുട്ടിക്ക് മനസ്സിലാകുന്ന രീതിയിൽ ദൈനംദിന കാര്യങ്ങൾ ചിത്ര രൂപത്തിൽ പ്രദർശിപ്പിക്കുക.
- പതിവില്ലാതെ വരുന്ന പൊതുപരിപാടികൾ, ടൂറുകൾ തുടങ്ങിയവയ്ക്ക് പോകുമ്പോൾ കുട്ടികളെ പ്രത്യേകം തയ്യാറാക്കുക.
- സപ്പോർട്ട് ഗ്രൂപ്പുകളിൽ സജീവ അംഗങ്ങൾ ആവുക.
- എപ്പോഴും കുട്ടിയുടെ മുഖത്ത് നോക്കി സംസാരിക്കുക.
- ആഴ്ചയിൽ ഒരുദിവസം നിർബന്ധമായും നിങ്ങൾക്കുവേണ്ടി തന്നെ മാറ്റിവെക്കുക
- കുട്ടിക്ക് ആവശ്യമായ തെറാപ്പികളുടെ ലഭ്യത ഉറപ്പു വരുത്തുക.

**NB:** നേരത്തേ തിരിച്ചറിയുകയും, ഇവർക്കാവശ്യമായ തെറാപ്പി സൗകര്യങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്നതിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിൽ ഇവരെ കൊണ്ടുവരുവാൻ സാധിക്കും

NIPMR
നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ
കല്ലേറ്റുംകര, ഇരിങ്ങാലക്കുട–680 683
Ph:7510870111,www.nipmr.org.in

NIPMR

SOCIAL JUSTICE DEPARTMENT
care, protection & empowerment

എൻ.ഐ.പി.എം.ആർ
നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ
കല്ലേറ്റുംകര പി.ഒ., ഇരിങ്ങാലക്കുട

# ഓട്ടിസം ദിനാചരണം

**2019 ഏപ്രിൽ 2 ചൊവ്വാഴ്ച രാവിലെ 9 മണി മുതൽ**

**എൻ.ഐ.പി.എം.ആർ കോൺഫറൻസ് ഹാൾ**



ഓട്ടിസം ദിനാചരണം
ഏപ്രിൽ 2

മുഖ്യപ്രഭാഷണം

**ഡോ. എം.കെ.സി.നായർ**

വൈസ് ചാൻസലർ,
കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസ്, തൃശ്ശൂർ